പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.139 | 11.08.2017-ൽ മറുപടിയ്ക്ക് |
|---|---|
| **മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ** | |
| **ചോദ്യം** | **മറുപടി** |
| ശ്രീ.ഒ. രാജഗോപാൽ | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| (എ) മാലിന്യപ്രശ്നങ്ങൾക്ക് ഒരു ശാശ്വതപരിഹാരമെന്ന നിലയ്ക്ക് ഉറവിടത്തിൽ തന്നെ മാലിന്യ സംസ്കരണത്തിനുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതികൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ; | (എ) ഉണ്ട്.<br>സംസ്ഥാനത്ത് ഉറവിട മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1) <u>ഗാർഹിക തല ഉറവിട മാലിന്യ സംസ്കരണം;</u> വീടുകളിൽ ഉറവിട മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിനായി ബയോഗ്യാസ് പ്ലാൻറുകൾ, വെർമി കമ്പോസ്റ്റ്, റിംഗ് കമ്പോസ്റ്റ്, പൈപ്പ് കമ്പോസ്റ്റ്, കിച്ചൻ ബിൻ കമ്പോസ്റ്റിംഗ് തുടങ്ങിയ സംവിധാനങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയാണിത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന കമ്പോസ്റ്റിംഗ്/ ബയോഗ്യാസ് പ്രോജക്ടുകൾക്ക് 50% ഗുണഭോക്തൃ വിഹിതവും 50% സർക്കാർ സബ്സിഡിയും (ശുചിത്വ മിഷനും, തദ്ദേശ സ്വയംഭരണ സ്ഥാപനം ചേർന്ന്) നൽകി വരുന്നു. നാളിതുവരെ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 1112 പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതിയും അർഹമായ സാമ്പത്തിക സഹായവും ശുചിത്വ മിഷൻ മുഖേന നൽകിയിട്ടുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും തനതുപ്രോജക്ടുകളും ഏറ്റെടുത്തിട്ടുണ്ട്.<br>2) <u>കമ്മ്യൂണിറ്റിതല ഖരമാലിന്യ സംസ്കരണ പ്ലാൻറുകൾ:</u> വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന് പ്രാധാന്യം നൽകാനും കേന്ദ്രീകൃത പ്ലാൻറിലേയ്ക്ക് എത്തുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനും ലക്ഷ്യമിട്ടിട്ടുള്ളതാണീ പദ്ധതി. ഗ്രാമ പഞ്ചായത്തിലെ ഒരു വാർഡിലോ, മാർക്കറ്റ് പോലുള്ള പൊതു ഇടങ്ങളിലോ വികേന്ദ്രീകൃതമായ, കമ്മ്യൂണിറ്റി തല ഖരമാലിന്യ സംസ്കരണ പ്ലാൻറുകൾ സ്ഥാപിക്കാവുന്നതാണ്. തുമ്പൂർ മുഴി മാതൃകയിലുള്ള ഫെറോ സിമൻറ് ബിന്നുകൾ, കൂടുതൽ ശേഷിയുള്ള ബയോഗ്യാസ് പ്ലാൻറുകൾ തുടങ്ങിയ സംവിധാനങ്ങൾ ഇതിനായി ഉപയോഗിച്ച് വരുന്നു. ഗ്രാമ പഞ്ചായത്തുകളും നഗരസഭകളും തയ്യാറാക്കി നൽകുന്ന പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിലേക്ക് സർക്കാർ സഹായം നൽകുവാൻ കഴിയും. ഇവർക്ക് പ്ലാൻഫണ്ട്, തനതുഫണ്ടുകൾ മാത്രം വകയിരുത്തിയും പ്രോജക്ടുകൾ ഏറ്റെടുക്കാം.<br>കൂടാതെ 2016-17 സാമ്പത്തിക വർഷത്തിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പ്ലാൻ ഫണ്ടിന്റെ 10% തുക മാലിന്യ സംസ്കരണ പ്രോജക്ടുകൾക്കായി വകയിരുത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. 2017-18 സാമ്പത്തിക വർഷം മുതൽ നഗരസഭകൾ പ്ലാൻ ഫണ്ടിന്റെ 15%-വും പഞ്ചായത്തുകൾ 10%-വും തുക മാലിന്യ സംസ്കരണത്തിന് ഊന്നൽ നൽകി മാറ്റി |

| | | | |
|---|---|---|---|
| | | | വയ്ക്കുന്നതിനായി സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഡി & ഒ ലൈസൻസോടു കൂടി പ്രവർത്തിക്കുന്നതും, ഭക്ഷണ പദാർത്ഥങ്ങൾ വിൽക്കുന്നതുമായ വിവിധ സ്ഥാപനങ്ങളിൽ മാലിന്യങ്ങൾ തരംതിരിച്ച് ജൈവമാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയറോബിക് ബിൻ, ബയോഗ്യാസ് എന്നിവ പോലുള്ള അനുയോജ്യമായ സംവിധാനങ്ങൾ സജ്ജീകരിക്കുന്നത് സംബന്ധിച്ച് നിർദ്ദേശം നൽകികൊണ്ട് 22.07.2017-ലെ സ.ഉ(സാധാ) നം.2511/17/തസ്വഭവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പ്ലാസ്റ്റിക് റീസൈക്കിൾ ഫാക്ടറികൾ സ്ഥാപിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ; | (ബി) | ഇപ്പോൾ പരിഗണനയിലില്ല.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്ലാസ്റ്റിക് മാലിന്യത്തിന്റെ പുന:ചംക്രമണം ഉറപ്പാക്കുന്നതിനുവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് ഉൾപ്പെടെ മെറ്റീരിയൽ റിക്കവറി ഫസിലിറ്റികൾ (എം.ആർ.എഫ്) എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന തലങ്ങളിലും സ്ഥാപിക്കുക, വില്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരിബാഗുകളിൽ മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂവെന്ന നിർദ്ദേശം, എക്സ്റ്റൻഡഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി (ഇ.പി.ആർ) ഉറപ്പാക്കാനുള്ള ശ്രമങ്ങൾ, ബ്രാൻഡ് ഓണർ, ഉത്പാദകർ, ഡീലർമാർ എന്നിവർക്ക് ശില്പശാലകൾ, പ്ലാസ്റ്റിക് തരംതിരിച്ച് സംഭരണം, ശേഖരണം, പുനചംക്രമണത്തിന് കൈമാറ്റം, പുനചംക്രമണ വ്യവസായം എന്നിവയ്ക്ക് വേണ്ട പശ്ചാത്തല സൗകര്യങ്ങൾ സൃഷ്ടിക്കുവാനുള്ള നിർദ്ദേശങ്ങൾ, റീസൈക്ലിംഗ് സാധ്യമല്ലാത്ത പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് പണി നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം, തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി സംസ്ഥാനതല മോണിറ്ററിംഗ് കമ്മറ്റി രൂപീകരണം, സുരക്ഷിതമായ പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിനാവശ്യമായ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ എന്നീ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. |
| (സി) | ആധുനിക രീതിയിലുള്ള വികേന്ദ്രീകൃത മാലിന്യസംസ്കരണ പദ്ധതികൾ നടപ്പിലാക്കുമോ എന്നറിയിക്കാമോ? | (സി) | സംസ്ഥാനത്ത് സുരക്ഷിത മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിന് ശാസ്ത്രീയമായ എല്ലാ തരം വികേന്ദ്രീകൃത മാലിന്യ സംസ്കരണ പ്രവർത്തനങ്ങളും അതാതിന്റെ ഫീസിബിലിറ്റിയും വയബിലിറ്റിയും പരിശോധിച്ച ശേഷമായിരിക്കും ഇത്തരം പദ്ധതികൾ നടപ്പിലാക്കുക. |

(signature)

സെക്ഷൻ ഓഫീസർ